**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഗെയിൽ പൈപ്പ് ലൈൻ പദ്ധതിനേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയിലൂടെ നാളിതുവരെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ ഇച്ഛാ ശക്തിയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായാണ് കേരളത്തിന്റെ ഭാവി വികസനത്തിന് കുതിപ്പേകുന്ന ഗെയിൽ പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനായത്. മതിയായ നഷ്ട പരിഹാരം ഉറപ്പാക്കി ജനങ്ങളുടെ ആശങ്ക പരിഹരിച്ച് പദ്ധതി നടപ്പിലാക്കിയത് വഴി ചുവടെ പ്രദിപാദിക്കുന്ന നിരവധി പ്രയോജനങ്ങളാണ് സംസ്ഥാനത്തിനുണ്ടായിട്ടുള്ളത്.<br><br>1) BPCL, FACT മുതലായ കേരളത്തിലെ പ്രമുഖ വ്യവസായശാലകൾക്ക് പ്രകൃതി വാതകത്തിലേക്ക് പരിവർത്തനം ചെയ്യുവാൻ സാധിച്ചു.<br><br>2) ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി പി. എൻ. ജി (Piped Natural Gas) നൽകുന്നതിനായി City Gas Distribution നടപ്പിലാക്കി.<br><br>3) വാഹനങ്ങൾക്ക് വേണ്ട സി. എൻ. ജി. (Compressed Natural Gas) പദ്ധതിയും പ്രാവർത്തികമായി.<br><br>4) കൂടാതെ സംസ്ഥാനത്തിന് നികുതി വരുമാന വർദ്ധനവും ഉണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം നഗരങ്ങളിൽ നേരിട്ട് പ്രകൃതിവാതക വിതരണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന സ്ഥാപനത്തിനാണ് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ Petroleum and Natural Gas Regulatory Board (PNGRB)-ൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഈ ജില്ലകളിൽ കമ്പനി പ്രകൃതി വാതക പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ മേൽ ജില്ലകളിലെ എല്ലാ |

| | | | |
|---|---|---|---|
| | | | നഗരപ്രദേശങ്ങളിലേക്കും പ്രകൃതി വാതകം എത്തിക്കുകയാണ് ലക്ഷ്യം.<br><br>എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് ആണ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം നഗരസഭയിൽ 42 വാർഡുകളിൽ പ്രകൃതിവാതക വിതരണം നടന്നുവരുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തല മുൻസിപ്പാലിറ്റി വയലാർ, മുഹമ്മ, തണ്ണീർമുക്കം, കഞ്ഞിക്കുഴി, മണ്ണഞ്ചേരി, ആര്യാട് എന്നീ ഗ്രാമപഞ്ചായത്തുകളിലും പ്രകൃതിവാതക വിതരണം നടന്നുവരുന്നു. ആലപ്പുഴ മുൻസിപ്പാലിറ്റിയിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.<br><br>തിരുവനന്തപുരം നഗരസഭയിൽ 2028 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നത് ഷോളഗാസ്കോ (Sholagasco Pvt Ltd) ലിമിറ്റഡാണ്.<br><br>31.03.2030നുള്ളിൽ പരമാവധി ഉപഭോക്താക്കൾക്ക് പ്രകൃതി വാതകം എത്തിച്ചു നൽകുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ബന്ധപ്പെട്ട കമ്പനികൾ നടത്തിവരുന്നത്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എന്നത്തേക്ക് സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും പ്രകൃതി വാതകം വിതരണത്തിനായി നേരിട്ട് എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | മേൽ പിരിവ് (ബി) യുടെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ